daily allowance or travelling allowance of the village officers, since after the promise given by Hon'ble the Finance Member during the last Budget Session of the Council?

Mr. P. V. Subramania Ayyar *(Comptroller of Accounts).*— Government have decided to increase the daily allowance of inferior servants to 6 annas per day from 1st Chingam 1113.

Tank—Mannathikulam—use—reservation of.

ഡോ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവമ്മെണ്ടിന്നു കരുണയുണ്ടാകുമോ:—

(എ) ഇരിങ്ങാലക്കുടയിലുള്ള മണ്ണാത്തിക്കുളം ചില പ്രത്യേക സമുദായങ്ങൾക്കുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂവെന്നു ഗവമ്മെണ്ടിൽനിന്നും നിരോധിച്ചു് കുളക്കരയിൽ ബോർഡു നാട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ

(ഛ) അതു് ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണു വെച്ചതു്;

(ജ) ഈ ബോർഡു നാട്ടിയതു് എന്നാണു്;

(ഝ) ഈ കുളത്തിന്നു ഗവമ്മെണ്ടിൽനിന്നും ഫ്രഫ്രഫ്-ൽ വല്ല സംഖ്യയും ചിലവുചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ

(ഞ) അതുകെ എത്ര സംഖ്യ ചിലവാക്കിട്ടുണ്ടു്;

(ട) ഈ കുളം ഈഴവർ മുതലായ അവശസമുദായങ്ങൾ ഉപയോഗിച്ചിരുന്നതല്ലേ;

(ഠ) ഈഴവർ മുതലായ അവശസമുദായങ്ങൾക്കു കുളിപ്പാനും മറും വേറെ വല്ല കുളങ്ങളും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ;

(ഡ) പൊതു ഭണ്ഡാരത്തിൽനിന്നും പണം ചിലവുചെയ്തുണ്ടാക്കുന്ന കുളം, കിണർ, പൊതുനിരത്തുകൾ മുതലായവ ജാതിമതഭേദമെന്യെ ഏവർക്കും ഉപയോഗിപ്പാൻ സൌകര്യപ്പെടാത്തതാണെങ്കിൽ അവക പണികൾക്കു പൊതുപണം ചിലവിടുവാൻ പാടില്ലെന്നു് അത്ഥം വരത്തക്കനിലയിൽ ഗവമ്മെണ്ടിൽനിന്നും ഫ്രഫ്ഠ-ൽ വല്ല കല്പനയും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ

(ണ) അതിന്റെ കോപ്പി മേശപ്പുറത്തു വെക്കാമോ?

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.—

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) and (ന) ഒന്നാം ചോദ്യത്തിന്റെ മറുപടികൊണ്ടു ഉത്തരം ആവശ്യമില്ല.

(ര) ഉണ്ട്.

(ള) ക. ഫ,ര്വൂഫ—o—o.

(ന) അല്ല.

(ഒ) വേറെ കളങ്ങൾ ഉണ്ട്.

(വ) ഇല്ല

(ൻ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സബ്ഡിവിഷൻ ഏഴിൽ വേറെ കളങ്ങളുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഇതു പഞ്ചായത്തു കളങ്ങളാണോ?

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— പഞ്ചായത്തു കളങ്ങളാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ കളത്തിന്റെ പേർ പറയുവാൻ ഭയവുണ്ടാകുമോ?

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.—പഞ്ചായത്തു സാനിട്ടറി കളം എന്നാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മണ്ണാത്തിക്കുളത്തിനടുത്തു ഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്ന് ഒരു ബോർഡു വച്ചിട്ടില്ലെന്നു പറയുവാൻ സാധിക്കുമോ?

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— വച്ചിട്ടില്ലെന്നറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇപ്പോഠം അതു എല്ലാവരും ഉപയോഗിക്കുന്നുണ്ടോ?

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— എല്ലാവരും ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly